**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4104** **27-10-2021 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാനായി രൂപീകരിച്ച കേരള സംസ്ഥാന ലഹരിവർജ്ജനമിഷൻ "വിമുക്തി" മുഖേന ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാ-കായിക മത്സരങ്ങൾ, ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. |
| (ബി) | സർക്കാരിന്റെ പ്രഖ്യാപിത നയമായ മദ്യവർജ്ജനം എത്രയധികം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്; പ്രസ്തുത രംഗത്ത് പുതിയ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സർക്കാരിന്റെ പ്രഖ്യാപിത നയമായ മദ്യവർജ്ജനം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് പകർന്ന് നല്കി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. വിമുക്തി മിഷൻ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾ കൂടാതെ, രണ്ടു ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | ലഹരിക്കെതിരെയുള്ള പ്രവർത്തനം വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും "ഉണർവ്വ്" എന്ന കായിക പരിശീലന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ വരുന്ന കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ആശയ പ്രചരണത്തിന്റെ ആവശ്യകത കണക്കിലെടുത്ത് എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുകയും, ഈ ലക്ഷ്യത്തോടെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന ഹ്രസ്വചിത്രങ്ങൾ തയ്യാറാക്കി നവമാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ചു വരികയും ചെയ്യുന്നു. എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാ കായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, മാരത്തോണുകൾ, റാലികൾ തുടങ്ങി ഒട്ടനവധി പരിപാടികളും വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ